**14-06-2017 ൽ "പൊതു സ്വകാര്യ പങ്കാളിത്തത്തോടെ 1396 ഗവ. ഐ.ടി.ഐകളുടെ നിലവാരമുയർത്തൽ പദ്ധതി" യുടെ കീഴിൽ 14-06-2017 ൽ ഗവ. ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം വച്ച് നടന്ന സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗിലെ മിനിട്ട്സ്**

ബഹുമാനപ്പെട്ട സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ശ്രീ. എസ്. സുഹാസ് ഐ.എ.എസിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നുവെങ്കിലും അദ്ദേഹം ചുമതലപ്പെടുത്തിയതനുസരിച്ച് അഡീഷണൽ ഡയറക്ടർ . ശ്രീ. ബി. ശ്രീകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം 10.30 മണിക്ക് ആരംഭിച്ചു. അജണ്ട പ്രകാരമുള്ള യോഗ നടപടികൾ ആരംഭത്തിൽ ഡെപ്യൂട്ടി ഡയറക്ടർ (ട്രെയ്നിംഗ്) ശ്രീ. ബി. ബാലചന്ദ്രന്റെ നേതൃത്വത്തിലും തുടർന്ന് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ചുമതലയുള്ള ജോയിന്റ് ഡയറക്ടർ ശ്രീ. ബി. ജസ്റ്റിൻരാജിന്റെ നേതൃത്വത്തിലും നടന്നു. വിഷയത്തിന്റെ പ്രാധാന്യം പരിഗണിച്ച് വകുപ്പിലെ മറ്റു രണ്ട് അഡീഷണൽ ഡയറക്ടർമാരായ ശ്രീ. കെ. ധർമ്മരാജൻ (എസ്.പി.ഐ.യു), കെ. മാധവൻ (Suiit കഴക്കൂട്ടം) എന്നിവരും യോഗത്തിൽ സന്നിഹിതരായിരുന്നു.

പ്രസ്തുത യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | Sri. Suhas. S IAS | State Project Director,<br>Director of Employment & Training |
| 2. | Sri. P. Ganesh | Confederation of Indian Industry (CII), Member |
| 3. | Sri. Cleetus | Joint Secretary (Nominee of Finance Secretary) |
| 4. | Sri. Shajahan. M | Joint Director, RDAT, Chennai (DGT Nominee) |
| 5. | Sri. Prasanth Kumar | Nominee of IMC Chairman, ITI Kozhikode, Member |
| 6. | Sri. B. Sreekumar | Additional Director of Training<br>Directorate of Employment & Training |
| 7. | Sri. K. Dharamarajan | Additional Director of Training , SPIU |
| 8. | Sri. P.K Madhavan | Additional Director of Training<br>Suiit , Kazhakkuttom |
| 9. | Sri. Aji. D.G | Nominee of Chief Engineer, PWD, Electrical Section |
| 10. | Sri. B Justin Raj | Joint Director of Training, |
| 11. | Sri. B. Balachandran | Deputy Director of Training |
| 12. | Sri. B. Prabhakaran | J.S, in charge of SIC, Training Directorate |
| 13. | Sri. Musthaq Ahammed | IMC Chairman ITI (W) Kozhikode |
| 14. | Sri. Saji Mathew | Nominee CII |
| 15. | Sri. Babu | IMC Chairman ITI Areacode |
| 16. | Smt. Ambili. B | IMC Chairman ITI Kattappana |

| | | |
|---|---|---|
| 17. | Sri. Jeeva Ananadan | IMC Chairman ITI (W) Kazhakkuttom |
| 18. | Sri. Pradeep Chandran | IMC Chairman SCDD ITI Mariyapuram & Pandalam |
| 19. | Sri. Sivasankaran K.P | IT, RIC Palakkad |
| 20. | Sri. Krishnakumar | IT, RIC Kozhikode |
| 21. | Sri. P. Rajan | IT, RIC Kottayam |
| 22. | Sri. M.S Nehas | IT, RIC Trivandrum |
| 23. | Sri. K.B Saji | IT, RIC Ernakulam |
| 24. | Sri.Wilson K Raghavan | Assistant Training Officer SCDD |
| 25. | Smt. Chinnamma Samuel | IT, SC (SCDD) |
| 26. | Sri. A.V Balanchandran Achary | Principal , ITI(W) Chalakudy |
| 27. | Sri. Viswanathan T.P | Principal ITI Attappady |
| 28. | Smt. Prasanna. K | Vice Principal, ITI Kannur |
| 29. | Smt. Geetha . M.V | ITI (W) Kalamassery |
| 30. | Sri. C.V Shaji | Principal, ITI Mala |
| 31. | Smt. Jayasree Iyer | Principal, ITI(W) Chengannur |
| 32. | Sri. Saji Mon | Principal, ITI Kuzhalmannam |
| 33. | Sri. K.S Vijayan | Vice Principal, ITI Attingal |
| 34. | Smt. J Bindhu | Principal, ITI (W) Kazhakkuttom |
| 35. | Sri. Sunil Kumar | Vice Principal ITI (W) Kazhakkuttom |
| 36. | Sri. V.G.Sanalkumar | Training Supdt., ITI SCDD, Elathur |
| 37. | Sri. K.C Suku | Training Supdt., ITI SCDD, Mariapuram |
| 38. | Sri. A. Rajesh Babu | Training Supdt., ITI SCDD, Mangalam |
| 39. | Sri. Belvin Raju. A | Training Supdt., ITI SCDD, Pandalam |
| 40. | Sri. K.G Rajendran | Principal, ITI Chennerakara |
| 41. | Sri. P.K Reghunathan | Principal, ITI Chengannur |
| 42. | Sri. R.Ravikumr | Principal, ITI(W) Kozhikode |
| 43. | Sri. C.Ravikumar | Principal, ITI Areacode |
| 44. | Sri. Haleeludhin | Principal, ITI Chathannur |
| 45. | Sri. Chithrangathan P.V | Principal, ITI Kayyur |
| 46. | Sri. N. Chandrasekharan | Principal, ITI Kasargode |
| 47. | Sri. Ajayakumar. G | Principal, ITI Nilambur |
| 48. | Sri. Sreekumar. S | Principal, BTC, Kollam |
| 49. | Sri. K.N.Sivadas | GI ITI (W) Malampuzha |
| 50. | Smt. Annie Stella Issac | Principal ITI Kattappana |
| 51. | Sri. A.Ramakrishnan | Principal, ITI(W) Kannur |
| 52. | Sri. K.V.Muhammed | Principal, ITI Kozhikode |
| 53. | Sri. Aromal K.S | Govt. ITI Attingal |

ബഹുമാനപ്പെട്ട അഡീഷണൽ ഡയറക്ടർ യോഗത്തിലെ എല്ലാവർക്കും സ്വാഗതം ആശംസിച്ചു തുടർന്ന് അജണ്ടയിൽ ഓരോ വിഷയങ്ങളെക്കുറിച്ചും വിശദമായി ചർച്ച ചെയ്യുകയുണ്ടായി.

അജണ്ട 1

<u>മുൻ കമ്മിറ്റി തീരുമാനങ്ങളടങ്ങിയ മിനിറ്റ്സ് അംഗീകരിക്കലും, കൈകൊണ്ട വികസന നടപടികളുടെ റിപ്പോർട്ടും</u>

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയ്നിംഗ് അവതരിപ്പിച്ച മുൻ കമ്മറ്റി തീരുമാനങ്ങളങ്ങിയ മിനിറ്റ്സും കൈകൊണ്ട നടപടികളും വിശദമായ ചർച്ചകൾക്കും വിശദീകരണങ്ങൾക്കും ശേഷം യോഗം അംഗീകരിച്ചു

അജണ്ട 2

<u>അംഗീകരിക്കപ്പെട്ട ഐ.ടി.ഐ വികസന പദ്ധതി (ഐ.ഡി.പി) കളിന്മേൽ ഉണ്ടായ ചെലവ് പുരോഗതി വിലയിരുത്തൽ</u>

26 ഐ.ടി.ഐകളുടെയും ചെലവ് പുരോഗതി ചർച്ചചെയ്യുകയും, അത് ഒരോന്നോരായി പരിഗണനയ്ക്ക് എടുത്ത് കൊണ്ട് അത്യാവശ്യം വേണ്ട ഐ.ടി.ഐകളുടെ കാര്യത്തിൽ പുതിയ നിർദ്ദേശങ്ങൾ നൽകികൊണ്ട് ചർച്ച പൂർത്തിയാക്കി. ടി നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

(1) കോഴിക്കോട് ഐ.ടി.ഐ യിലെ ഐ.എം.സി സ്ഥാപനത്തിൽ ഗുണമേന്മയുള്ള ട്രെയ്നിംഗ് ഉറപ്പുവരുത്തുന്നത് നന്നായി ഇടപെട്ടു വരുന്നു. ഈ സ്ഥാപനത്തിലെ വ്യവസായ പങ്കാളിയായ മെസേഴ്സ് പീകെ സ്റ്റീൽസ് ഇൻഡസ്ട്രീസ് നല്ലളം, കോഴിക്കോട് 27 ലക്ഷം രൂപ ചെലവാക്കി ഐ.ടി.ഐ യിൽ മനോഹരമായ ഒരു ക്യാന്റീൻ മന്ദിരം പണിത് നൽകി എന്നത് ഏറെ അഭിനന്ദനാർഹമായ കാര്യമാണ്. കമ്മിറ്റി ഇതിനെ അഭിനന്ദിച്ചു. മാത്രവുമല്ല ഐ.ടി.ഐ കോഴിക്കോടിന്റെ മാതൃകാപരമായ ഇത്തരം ഇടപെടലുകളും, വരുമാന സ്വരൂപീകരണ രീതികളും മറ്റുള്ളവർ പാഠമാക്കേണ്ടതാണെന്നും നിർദ്ദേശമുണ്ടായി.

(2) കേരള ചാപ്റ്റിലെ ശ്രീ. ഗണേഷ്, ഐ.എം.സികൾ എങ്ങനെ നന്നായി പ്രവർത്തിക്കണം എന്നതിനെപ്പറ്റി താഴെപറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചു.

- ഓരോ ഐ.എം.സികളും സദാചലനാത്മകമായിരിക്കണം(Dynamic). ഐ.ടി.ഐയുമായി ബന്ധപ്പെട്ട് അതാത് സന്ദർഭങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾ ഔപചാരിക ചർച്ചയ്ക്ക് പ്രത്യേക ദിവസം കാത്ത് നിൽക്കാതെ അനൗപചാരികമായ ചർച്ചകളിലൂടെ യുക്തിസഹമായ തീരുമാനമെടുത്ത് മുന്നോട്ട് പോകണം.
- രണ്ടാഴ്ചയിലൊരിക്കലെങ്കിലും ഐ.എം.സികളുടെ റിപ്പോർട്ട് മോണിറ്ററിംഗിനായി എസ്.ഐ.സിയിൽ ലഭ്യമാക്കണം. ഇതിനായി ഗൂഗിൾ ഗ്രൂപ്പിൽ രജിസ്റ്റർ ചെയ്ത് എക്സൽ ഷീറ്റ് ഉപയോഗിക്കാവുന്നതാണ്. തുടർച്ചയായ റിപ്പോർട്ടിംഗ് സമ്പ്രദായവും അതിനനുസൃതമായ മോണിറ്ററിംഗ് രീതിയും ശക്തമാക്കിക്കൊണ്ടും സമയാസമയം ഉചിതമായ നിർദ്ദേശങ്ങൾ നൽകികൊണ്ടും പ്രവർത്തനം ശക്തമാക്കേണ്ടതുണ്ട്.
- ഐ.ടി.ഐകളെക്കുറിച്ചും നിലനിൽക്കുന്ന ഫീസ് രഹിത കോഴ്സുകളെ കുറിച്ചും അതിനകത്ത് നിലനിൽക്കുന്ന പ്രത്യേക സ്വഭാവമുള്ള ഏറ്റവും കുറഞ്ഞ ഫീസ് നിരക്കിൽ പരിശീലനം നേടാവുന്ന ഹ്യസ്വകാല നൈപുണ്യവികസന കോഴ്സുകളെകുറിച്ചു മൊക്കെ പ്രദേശവാസികളെ അറിയിക്കുവാൻ പരമാവധി പ്രചാരണ നൽകണം അതിനായി എക്സിബിഷനുകൾ സംഘടിപ്പിക്കണം.
- ഐ.എം.സിയുടെ പ്രൊഡക്ഷൻ സെന്ററുകൾ ഉണ്ടാകണം. പ്രദേശവാസികൾക്ക് ഏറെ ഗുണം ചെയ്യുന്ന ഐ.എം.സി ട്രേഡുകളുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾ ഏറ്റവും കുറഞ്ഞ നിരക്കിൽ ഏറ്റവും നന്നായി തയ്യാറാക്കി എക്സിബിഷനുകളിലൂടെ ജനത്തെ പരിചയപ്പെടുത്തുകയും, വിപണനം നടത്തുകയും വേണം. ആട്ടോകാഡ്, ഗൃഹോപകരണങ്ങളുടെ മെയിന്റനൻസ് (പ്ലംബിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് മുതലായവ..) തുടങ്ങിയ കോഴ്സുകളും സമൂഹത്തെ പരിചയപ്പെടുത്താം. ഇവ വരുമാന സ്വരൂപീകരണത്തെ ഏറെ സഹായിക്കും.
- വ്യാവസായിക സംരംഭകരിലെ വിദഗ്ദരുടെ സഹായത്തോടെ 50-60 മണിക്കൂറുകൾ ദൈർഘ്യമുള്ള ഹ്യസ്വകാല കോഴ്സുകൾക്ക് രൂപം നൽകുകയും അതിലൂടെ പരിശീലനം നൽകികൊണ്ട് പുതിയ പുതിയ സംരംഭകരെയും തൊഴിൽ ശേഷിയുള്ള സമൂഹത്തേയും സൃഷ്ടിക്കാൻ ഐ.എം.സികളിലൂടെ ഐ.ടി.ഐകൾക്ക് സാധിക്കണം

ഏതാനും ഐ.ടി.ഐകൾ പദ്ധതി പുരോഗതിയുടെ കാര്യത്തിൽ മാതൃകാപരമാണെങ്കിലും ബഹുഭൂരിപക്ഷം വരുന്നവയും ഇക്കാര്യത്തിൽ ഏറെ പുരോഗതി ഇനിയും കൈവരിക്കേണ്ടതായിട്ടുണ്ട്. എസ്.സി.ഡി.ഡി. ഐ.ടി.ഐ മംഗലത്തിന്റെ കാര്യത്തിലാകട്ടെ അല്പവും പുരോഗതി കൈവരിച്ചിട്ടുമില്ല. ഇക്കാര്യം കമ്മറ്റി ഗൗരവമായി പരിഗണിക്കുകയും ബന്ധപ്പെട്ടവർക്കും വേണ്ട കർശനമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

അജണ്ട 3

<u>ലോൺ തിരിച്ചടവിനായുള്ള വരുമാന സ്വരൂപീകരണം</u>

വരുമാന സ്വരൂപീകരണ വിഷയത്തിൽ ഐ.എം.സി രൂപീകരിച്ചിട്ട് ഇതിനകം 10 വർഷം പൂർത്തിയാക്കിയ ഐ.ടി.ഐകൾ സ്വരൂപിച്ച വരുമാനത്തിന്റെ വിവരം (31-05-2017 വരെ) താഴെപറയുന്ന പട്ടികയിൽ കാണാം

| ക്രമ നമ്പർ. | ഐ.ടി.ഐ യുടെ പേര് | ഇതുവരെ സ്വരൂപിച്ച വരുമാനം (31-05-2017) |
|---|---|---|
| 1 | ആറ്റിങ്ങൽ | 44.67 |
| 2 | ചെങ്ങന്നൂർ | 5.49 |
| 3 | കോഴിക്കോട് | 188.9 |
| 4 | കണ്ണൂർ | 25.91 |
| 5 | കാസർഗോഡ് | 14.93 |

അടുത്ത വർഷം മുതൽ പലിശ രഹിത വായ്പ 12.5 ലക്ഷം രൂപ നിരക്കിൽ തിരിച്ചടയ്ക്കേണ്ട സ്ഥാപനങ്ങളാണ് ഇവ. ആയത് തിരിച്ചടയ്ക്കാൻ കഴിയാതെ നിൽക്കുന്നത് ചെങ്ങന്നൂർ ഐ.ടി.ഐ ആണ്. മുൻ ഖണ്ഡികയിൽ (അജണ്ട -2) പറഞ്ഞ നിരദ്ദേശങ്ങൾ ഗൗരവമായി പരിഗണിക്കാനും അലംഭാവം ഒഴിവാക്കി കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും കമ്മിറ്റി ചെങ്ങന്നൂർ ഐ.എം.സിയ്ക്ക് നിർദ്ദേശം നൽകി. അങ്ങനെ ചെയ്യുന്നതാണെന്ന് പ്രിൻസിപ്പാൾ കമ്മിറ്റിയിൽ സമ്മതിച്ചിട്ടുണ്ട്. ഇക്കാര്യം സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റി ശക്തമായ മോണിറ്ററിംഗിന് വിധേയമാക്കണമെന്ന് കർശനമായ നിർദ്ദേശം കമ്മിറ്റിയിൽ ഉണ്ടായി.

തുടർന്നുള്ള വർഷങ്ങളിൽ തിരിച്ചടവ് ആരംഭിക്കേണ്ട ഐ.ടി.ഐകൾക്കും മുൻ ഖണ്ഡികയിൽ പറഞ്ഞ നിർദ്ദേശം ബാധകമാണ്. വരുമാന സ്വരൂപീകരണ

പ്രവർത്തനങ്ങളുടെ കാര്യത്തിൽ നിലവിലുള്ള സ്ഥിതി തൃപ്തികരമല്ല എന്ന കമ്മിറ്റി വിലയിരുത്തി. മെച്ചപ്പെട്ട പ്രകടനത്തിലൂടെ ലോൺ തിരിച്ചടയ്ക്കുക മാത്രമല്ല വിവിധവും, വ്യത്യസ്തവുമായ കർമ്മ പദ്ധതികളിലൂടെ ട്രെയ്നിംഗ് അന്തരീക്ഷം മെച്ചപ്പെടുത്തികൊണ്ട് ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുക എന്നതും ഈ പദ്ധതിയുടെ പരമമായ ലക്ഷ്യമാണ്.

ഈ രംഗത്ത് ഒരു രൂപയുടെ വരുമാനവും ഇതേവരെ സ്വരൂപിക്കാത്ത ഐ.ടി.ഐകളായ എസ്.സി.ഡി.ഡി ഐ.ടി.ഐ, മംഗലം, ഏലത്തൂർ, മരിയാപുരം & പന്തളം എന്നിവയുടെ ട്രെയ്നിംഗ് സൂപ്രണ്ടുമാർ അവരവരുടെ ബുദ്ധിമുട്ടുകൾ കമ്മിറ്റിയിൽ വിശദീകരിച്ചു. ആയതിന് പരിഹാര മാർഗ്ഗ നിർദ്ദേശങ്ങൾ കമ്മിറ്റി നൽകുകയുണ്ടായി. സ്ഥിതി ബന്ധപ്പെട്ട മേൽ ഉദ്യോഗസ്ഥരുടെ (ഡി.ജി.റ്റി, എസ്.സി.ഡി.ഡി ഡയറക്ടർ തുടങ്ങിയവർ) ശ്രദ്ധയിൽപ്പെടുത്തുവാൻ കമ്മിറ്റി നിർദ്ദേശിച്ചു. ടി നാല് ഐ.ടി.ഐകൾ ഉൾപ്പെടെ കുറഞ്ഞ വരുമാനം സ്വരൂപീകരണ ലിസ്റ്റിൽപെട്ട എല്ലാ ഐ.ടി.ഐ അധികാരികളും പങ്കെടുത്ത ചെയർമാൻമാരും അടുത്ത മീറ്റിംഗിന് മുമ്പ് തങ്ങളുടെ പ്രകടനം മെച്ചപ്പെടുത്തുമെന്ന് യോഗത്തിന് ഉറപ്പ് നൽകി.

അജണ്ട 4

<u>എൻ.സി.വി.ടി അഫിലിയേഷൻ</u>

ഇനി അഫിലിയേഷൻ കിട്ടാനുള്ള യൂണിറ്റുകൾക്ക് ആയത് നേടിയെടുക്കാനാവശ്യമായ സംഭരണ നടപടികളും, നിർമ്മാണ പ്രവർത്തികളും പൂർത്തിയാക്കി ബന്ധപ്പെട്ട ഐ.ടി.ഐകൾ പശ്ചാത്തല സൗകര്യമൊരുക്കി സജ്ജമായിരിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു. ക്യൂ.സി.ഐ സംവിധാനം നിർത്തിവച്ചിരിക്കുന്ന സാഹചര്യത്തിൽ പുതിയ രീതി നിർദ്ദേശിക്കപ്പെട്ടാലുടൻ തന്നെ അഫിലിയേഷന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

സാങ്കേതി കാരണങ്ങളാൽ ക്യൂ.സി.ഐ മുഖേന അഫിലിയേഷൻ തടസ്സപ്പെട്ട ബി.ടി.സി കൊല്ലം, ഐ.ടി.ഐ കട്ടപ്പന എന്നീ സ്ഥാപനങ്ങളിൽ ടി തടസ്സം ഒഴിവാക്കി റീ-ഇൻസ്പെക്ഷൻ നടത്തി അഫിലിയേഷൻ നൽകുവാൻ ആവശ്യമായ നീക്കം ഉടൻ ഉണ്ടാകുമെന്ന് ക്യൂ.സി.ഐ അറിയിച്ചിട്ടുള്ളതായി അതാത് പ്രിൻസിപ്പാൾമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അജണ്ട 5**

**ഐ.എം.സിയ്ക്ക് ഐ.ടി.ഐ അഡ്മിഷനിൽ 20% പ്രത്യേക പരിഗണന**

കേന്ദ്രഗവൺമെന്റ്, സ്റ്റേറ്റ് ഗവൺമെന്റ്, വ്യവസായ പങ്കാളി എന്നിവർ പരസ്പരം ഒപ്പു വച്ച മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ വ്യവസ്ഥകൾ പ്രകാരം ഐ.ടി.ഐ അഡ്മിഷന്റെ 20% സീറ്റുകൾ സ്റ്റേറ്റ് ഗവൺമെന്റ് തീരുമാനത്തിന് വിധേയമായി ഐ.എം.സിക്ക് തീരുമാനിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥ നടപ്പിലാക്കുന്നതിന് അപേക്ഷിച്ചെങ്കിലും സംസ്ഥാന ഗവൺമെന്റ് അപേക്ഷ നിരസിച്ചു എന്ന വിവരം കമ്മിറ്റിയിൽ അവതരിപ്പിച്ചു. ഈ സംസ്ഥാന സർക്കാർ തീരുമാനം അംഗങ്ങൾ സ്വീകരിച്ചു.

**അജണ്ട 6**

**ഐ.എസ്.ഒ സർട്ടിഫിക്കേഷൻ**

പദ്ധതിയുടെ കീഴിൽ ഉൾപ്പെട്ട 26 ഐ.ടി.ഐ കളിൽ 14 ഐ.ടി.ഐകൾ ഇതിനകം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയെടുത്തു. ബാക്കിയുള്ള ഐ.ടി.ഐകൾ ഐ.എസ്.ഒ നിലവാരത്തിലേക്ക് എത്തിച്ചേരുന്നതിനാവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ തന്നെയാണ് മുൻ അജണ്ടാ തീരുമാനങ്ങളിലുള്ളതെന്നും കമ്മിറ്റി പ്രിൻസിപ്പാൾമാരെ ഓർമ്മിപ്പിച്ചു.

**അജണ്ട 7**

**അക്കാദമിക പ്രകടനം**

ഐ.ടി.ഐ അക്കാദമിക നിലവാരം ഉയർത്തുവാനാവശ്യമായ എല്ലാ നിർദ്ദേശങ്ങളും ഇതിനകം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ കൂടിയായ ട്രെയ്നിംഗ് ഡയറക്ടർ നൽകികഴിഞ്ഞു. ഇതനുസരിച്ച് പ്രവർത്തിക്കുക എന്നതാണ് പ്രധാനം ജീവനക്കാരുടെ അഭാവം ഒരു വലിയ പരിമിതായി ഉയർത്തിക്കാട്ടാതെ ഇൻസ്റ്റിറ്റ്യൂട്ടിനകത്ത് നിന്ന് എല്ലാ പേരും കൂട്ടായി സഹകരിച്ച് ലക്ഷ്യം നേടിയെടുക്കുക എന്നതാണ് പ്രധാനം. വേണ്ടിവന്നാൽ താൽക്കാലികാടി സ്ഥാനത്തിൽ പുതുതായി നിയമിക്കപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ തന്നെ പരിശീലനം നൽകേണ്ടതാണ്. ഇൻസ്റ്റിറ്റ്യൂട്ടിലുണ്ടാകുന്ന ഏത് കുറവുകളും ജനപ്രതിനിധികൾ, പ്രാദേശിക സർക്കാർ സ്ഥാപനങ്ങൾ, പി.ടി.എ, തുടങ്ങി തൊട്ടടുത്ത ഐ.ടി.ഐകളുടെ സഹകരണം ഉൾപ്പെടെ എല്ലാവരുടെയും സഹായങ്ങൾ സമാഹരിച്ച് അതിജീവിക്കേണ്ടതും, ഗുണമേന്മയുള്ള ട്രെയ്നിംഗ്

കുട്ടികൾക്ക് നൽകി നല്ല പ്ലെയിസ്മെന്റ് ലഭ്യമാക്കാൻ അവരെ സജ്ജരാക്കുകയുമാണ് വേണ്ടതെന്ന് മീറ്റിംഗ് നിർദ്ദേശിച്ചു.

അജണ്ട 8

## ഇൻസ്റ്റിറ്റ്യൂട്ട് വികസന പദ്ധതിയുടെ പരിഷ്കരണം

താഴെ പറയുന്ന ഐ.ടി.ഐകൾ ഇൻസ്റ്റിറ്റ്യൂട്ട് വികസന പദ്ധതിയുടെ പരിഷ്കരണത്തിനുള്ള ശുപാർശ സമർപ്പിച്ചു.

| | |
|---|---|
| (1) (വനിത) കളമശ്ശേരി | (5) കാസർഗോഡ് |
| (2) ചെന്നീർക്കര | (6) (വനിത) കണ്ണൂർ |
| (3) ആറ്റിങ്ങൽ | (7) (വനിത) കഴക്കൂട്ടം |
| (4) ചാത്തന്നൂർ | (8) (വനിത) മലമ്പുഴ |

ടി ശുപാർശകൾ ടി കമ്മിറ്റി ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കുകയും പരിഷ്കരണം അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കുകയും ചെയ്തു.

അജണ്ട 9

## അദ്ധ്യക്ഷന്റെ അംഗീകാരത്തോടെ മറ്റേതെങ്കിലും പ്രസക്തമായ വിഷയങ്ങൾ

(1) ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റികൾ (ഐ.എം.സി) നടത്തുന്ന വിവിധതരം ഷോർട്ടേം കോഴ്സുകൾക്ക് എസ്.സി.വി.ടി സർട്ടിഫിക്കറ്റ് നൽകണമെന്ന നിർദ്ദേശം കമ്മിറ്റി അംഗീകരിച്ചു.

(2) പ്രൊഡക്ഷൻ സെന്ററുകൾ അംഗീകൃത ഏജൻസിയായി രജിസ്ട്രർ ചെയ്യാനുള്ള നടപടി ബന്ധപ്പെട്ട ഐ.ടി.ഐ ഐ.എം.സികൾ നിർവ്വഹിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(3) എസ്.സി.വി.ടി സർട്ടിഫിക്കറ്റ് നൽകിയില്ലെങ്കിൽ തന്നെ ഐ.എം.സി സ്വന്തം നിലയിൽ സർട്ടിഫിക്കറ്റ് നൽകികൊണ്ട് തൊട്ടടുത്ത സമൂഹം ആവശ്യപ്പെടുന്ന അഥവാ ഏറ്റവും സ്വീകാര്യമായ ഹ്രസ്വകാല കോഴ്സുകൾ വ്യാപകമായി സംഘടിപ്പിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു.

(4) ഐ.ടി.ഐകളിൽ ഈവനിംഗ് കോഴ്സുകൾ നടത്തുന്നതിനുള്ള അനുവാദം ലഭിക്കുമോ എന്ന് ആരാഞ്ഞു. വിശദമായ ശുപാർശ നൽകാൻ കമ്മിറ്റി നിർദ്ദേശിച്ചു.

30 വർഷം ദൈർഘ്യമുള്ള ഈ പദ്ധതി സാധാരണക്കാരയ കുടുംബങ്ങളിൽ നിന്നും വരുന്ന ട്രെയ്നികൾക്ക് അങ്ങേയറ്റം ഗുണകരമാകുന്ന വിധത്തിൽ വിജയത്തിലെത്തിക്കാൻ എല്ലാവരുടേയും ആത്മാർത്ഥ സഹകരണം തുടർന്നും അഭ്യർത്ഥിച്ചുകൊണ്ട് കമ്മിറ്റിയിൽ പങ്കെടുത്ത എല്ലാവർക്കും ട്രെയ്നിംഗ് ജോയിന്റ് ഡയറക്ടർ കൃതജ്ഞത രേഖപ്പെടുത്തി. യോഗം 1.30 പി.എം ന് അവസാനിച്ചു.

24/06/17

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ

24/6/17